മാറ്റം വന്ന പാഠപുസ്തകങ്ങൾ

81 (678) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം ഏതെല്ലാം ക്ലാസ്സുകളിലെ ഏതെല്ലാം പാഠപുസ്തകങ്ങൾക്കാണ് മാറ്റം വന്നിട്ടുള്ളത് ;

(ബി) മാറിയ ഓരോ പാഠ പുസ്തകവും എത്ര കോപ്പികൾ വീതം അച്ചടിച്ചാൽ അതാതു ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും വിതരണം ചെയ്യാൻ കഴിയും എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇങ്ങനെ വിതരണം ചെയ്യുന്നതിനാവശ്യമായ മുഴുവൻ പാഠപുസ്തകങ്ങളും സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ അച്ചടിച്ച് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എപ്പോഴേയ്ക്ക് ഇത് സാദ്ധ്യമാകും എന്നാണ് കരുതുന്നത് ;

(ഇ) ഓരോ ക്ലാസിലും മാറിയ പാഠപുസ്തകങ്ങളുടെ പേരും വിലയും അതിനു സമാനമായ പഴയ പാഠപുസ്തകത്തിന്റെ പേരും വിലയും എത്രയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ പുസ്തകങ്ങൾ അച്ചടിക്കുന്നത് ഏത് പ്രസ്സിൽ ആണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ അദ്ധ്യയന വർഷം 1,2,3 ക്ലാസ്സുകളിലെ എല്ലാ പാഠപുസ്തകങ്ങളും 9-ാം ക്ലാസിലെ ഭാഷാ ഉപ പാഠപുസ്തകങ്ങൾ ഒഴിച്ചുള്ള പാഠപുസ്തകങ്ങൾക്കും മാറ്റം വന്നിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

(സി) എല്ലാ പുസ്തകങ്ങളും ഇപ്രകാരം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും മുഴുവൻ പുസ്തകങ്ങളുടെയും അച്ചടി അന്തിമ ഘട്ടത്തിലാണ്. 80% പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ട്.

(ഡി) അച്ചടിക്കാവശ്യമായ കടലാസിന്റെ ദൗർലഭ്യം കാരണമാണ് അച്ചടി വൈകുന്നത്. ദൗർലഭ്യം ഇപ്പോഴുമുണ്ട്. കടലാസിന്റെ വിതരണം പൂർത്തിയായാൽ ഒരു മാസത്തിനകം പുതിയ എല്ലാ പുസ്തകങ്ങളുടെയും മുഴുവൻ പ്രതികളും അച്ചടിച്ച് വിതരണത്തിന് ലഭ്യമാക്കുവാൻ കഴിയും. വിതരണത്തിൽ പുനഃക്രമീകരണമടക്കമുള്ള എല്ലാ നടപടികളും താമസംവിനാ പൂർത്തീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഉത്തരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ പുസ്തകങ്ങൾ അച്ചടിക്കുന്ന പ്രസ്സുകളുടെ പേര് ചുവടെ ചേർക്കുന്നു.

1. പൗർണ്ണമി മീഡിയ (പ്ര) ലി., തിരുവനന്തപുരം
2. സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം
3. ഗ്രാഫിക്സ് സിസ്റ്റംസ്, മല്ലപ്പള്ളി
4. കുമാർ പ്രിന്റേഴ്സ്, കൊല്ലം
5. ഫെബ്രോൺ ഓഫ് സെറ്റ് പ്രിന്റേഴ്സ്, തൃശ്ശൂർ
6. വിക്ടറി പ്രസ്സ്, കുന്നംകുളം
7. വിക്ടറി കമ്പ്യൂട്ടർ ഫോംസ്, കുന്നംകുളം
8. സ്വിഫ്റ്റ് ഓഫ് സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം
9. രേവൽ ഓഫ് സെറ്റ് പ്രിന്റേഴ്സ്, ശിവകാശി
10. കോർണേഷൻ ആർട്സ് ക്രാഫ്റ്റ്സ്, ശിവകാശി
11. കോട്ടയം പ്രിന്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ശിവകാശി
12. റോയൽ സ്റ്റാർ പാക്കേജിംഗ് ലിമിറ്റഡ്, ശിവകാശി

പുതുതായി അനുവദിച്ച എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾ

82 (679) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു എന്നും അതിൽ എത്ര എണ്ണം ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണെന്നും എസ്. എസ് എൽ. സി., സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. എന്നീ കോഴ്സുകളുള്ള എത്ര സ്കൂളുകൾ വീതമുണ്ട് എന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ സ്കൂളുകൾ പൂട്ടി എന്നും എത്ര അൺ എയ്ഡഡ്, എയ്ഡഡ് സ്കൂളുകൾ പുതുതായി അനുവദിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) ഈ അദ്ധ്യയനവർഷം സർക്കാർ സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, അൺ എയ്ഡഡ് സ്കൂളുകൾ അവയിൽ മലയാളം മീഡിയം, ഇംഗ്ലീഷ് മീഡിയം എന്നിവയിൽ പുതിയതായി എത്ര കുട്ടികൾ വീതം ചേർന്നു എന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	ഗവൺമെന്റ് സ്കൂളുകൾ	4511
	എയ്ഡഡ്	7320
	അൺ എയ്ഡഡ്	500

LIBRARY ARCHIVES Kerala Legislative Assembly